49240/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - **ടൈപ്പിസ്റ്റ്** തസ്തികയിലെ 2023 -ലെ പൊതു സ്ഥലംമാറ്റം അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(പി) നം. 03/2017/ആ.കു.വ., തീയതി: 25/02/2017.

2. സ.ഉ.(ആർ.റ്റി.) നം. 215/2023/ആ.കു.വ., തീയതി: 29/01/2023

3. സ.ഉ. (സാധാ) നം. 475/2023/ആ.കു.വ., തീയതി: 28/02/2023

4. ഉത്തരവ് നം. ഇ.എച്ച്. 1/7074/2023/ആ.വ.ഡ., തീയതി: 11/04/2023

**ഉത്തരവ് നം : ഇ.ഡി.4-8212/2023/ആ.വ.ഡ., തീയതി : 27-05-2023**

മേൽ പരാമർശം സർക്കാർ ഉത്തരവ് (1) -ന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി **ടൈപ്പിസ്റ്റ്** തസ്തികയിലെ കരട് സ്ഥലംമാറ്റ പട്ടിക സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേൽ ടി വിഭാഗം ജീവനക്കാരിൽ നിന്നും ലഭിച്ച അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കി Annexure – 1 ആയി ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതുതായി ചേർക്കപ്പെടുകയോ/ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതാണ്. അത്തരം പരാതികൾ ഈ പട്ടിക പ്രസിദ്ധീകരിച്ച 3 ദിവസത്തിനുള്ളിൽ ഉചിത മാർഗ്ഗേണ (edsectiondhs@gmail.com) എന്ന ഇ – മെയിൽ വിലാസത്തിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ കൂടി പരിശോധിച്ച ശേഷം ഈ ഓഫീസിൽ നിന്നും അറിയിപ്പ് നൽകുന്ന മുറയ്ക്ക് മാത്രമേ ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെട്ടിട്ടുള്ള ജീവനക്കാരെ വിടുതൽ ചെയ്യാൻ പാടുള്ളൂ എന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ആരോഗ്യവകുപ്പ് കാര്യാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Signed by
Sobha V
Date: 27-05-2023 11:52:44
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/ സ്ഥാപനമേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് : 1.ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

2. ഫയൽ/കരുതൽ ഫയൽ

**Annexure 1**

| ക്രമ നം. | PEN | പേര് | തസ്തിക | നിലവിലെ സ്ഥാപനം | നിയമിച്ചിരിക്കുന്ന സ്ഥാപനം/ജില്ല |
|---|---|---|---|---|---|
| 1. | 483886 | ഷാജിലാബീവി എസ്. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ജില്ലാ ആശുപത്രി നെടുമങ്ങാട്, തിരുവനന്തപുരം | ആരോഗ്യവകുപ്പ് ഡയരക്ടറുടെ കാര്യാലയം തിരുവനന്തപുരം |
| 2. | 239335 | മുജീബ് എം. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | തിരുവനന്തപുരം |
| 3. | 485223 | കനകരാജ് റാവു | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം | പാലക്കാട് |
| 4. | 316571 | രജനി പി. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), പാലക്കാട് | മലപ്പുറം |

Signed by
Sobha V
Date: 23-05-2023 13:17:09